**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 805** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കുടിവെള്ളക്ഷാമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പാറശ്ശാല ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിലേയ്ക്കായി നെയ്യാർ സ്രോതസ്സാക്കിക്കൊണ്ട് അമരവിള പാലത്തിനടുത്ത് കിണറും പമ്പ്ഹൗസും, വണ്ടിച്ചിറയിൽ നിലവിലുള്ള ജല ശുദ്ധീകരണ ശാലയ്ക്കു സമീപത്തായി പുതിയൊരു ജലശുദ്ധീകരണശാലയും, ഇഞ്ചിവിളയ്ക്കു സമീപം ജലസംഭരണിയും, ആവശ്യമായ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകളും, ജലവിതരണ ശൃംഖലയുമുൾപ്പെടുത്തി 68.39 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വെള്ളറട പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള കാളിപ്പാറ 36 MLD പ്ലാന്റ് വിപുലീകരിക്കേണ്ടതുണ്ട്. പുതുതായി ഒരു ഫ്ലോട്ടിംഗ് ഇൻടേക്ക് സ്ട്രക്ചർ നെയ്യാർ ഡാമിൽ സ്ഥാപിച്ച് അനുബന്ധ ഘടകങ്ങളുമായി സംയോജിപ്പിച്ച് കൂടുതൽ ഉത്പാദനം സാധ്യമാക്കിയാൽ വെള്ളറട പഞ്ചായത്തിലേക്ക് ജലവിതരണം മെച്ചപ്പെടുത്താവുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജെജെഎം പ്രവർത്തികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

**(ബി)** പാറശ്ശാല പഞ്ചായത്തിൽ നിലവിലുള്ള വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി പ്രസ്തുത പദ്ധതി നവീകരിക്കുന്നതോ പുതിയ സ്കീമുകൾ നടപ്പിലാക്കുന്നതോ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി നിലവിൽ എല്ലാസ്ഥലത്തും കുടിവെള്ളം എത്തിക്കാൻ കഴിയാത്തതു കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ കാളിപ്പാറ ശുദ്ധജല പദ്ധതിയിൽ നിന്നുമുള്ള ജലം ധനുവച്ചപുരം ഐ.റ്റി.ഐ. ജംഗ്ഷനിൽ നിലവിലുള്ള ടാങ്കിൽ ശേഖരിച്ച പുതുതായി സ്ഥാപിക്കുന്ന 250mm വ്യാസമുള്ള DI പൈപ്പ് ലൈനിലൂടെ (3KM) വണ്ടിച്ചിറ ജലശുദ്ധീകരണശാലയ്ക്കടുത്തു പുതുതായി നിർമ്മിക്കുന്ന 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയിൽ ശേഖരിക്കുകയും അവിടെ നിന്നും പമ്പ് ചെയ്ത് പുതുതായി നിർമ്മിക്കുന്ന 10 ലക്ഷം

ലിറ്റർ ശേഷിയുള്ള ഉപരിതലജല സംഭരണിയിൽ ശേഖരിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തിയുടെ കരാർ നൽകുകയും, പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വണ്ടിച്ചിറ ജലസംഭരണിയിൽ നിന്ന് 7 കി.മീ. ദൈർഘ്യത്തിൽ 200 എം എം വ്യാസമുള്ള പൈപ്പിലൂടെ ജലം പമ്പ് ചെയ്ത് കൊടവിളാകത്ത് നിർമ്മിക്കുന്ന പുതിയ 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി ജെ.ജെ.എം.ൽ ഉൾപ്പെടുത്തി നടത്തി വരുന്നു. ഇതിലുൾപ്പെട്ട കൊടവിളാകത്തെ ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായി. വണ്ടിച്ചിറ പമ്പ് ഹൗസിൽ നിന്നും കൊടവിളാകത്തെ ജലസംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ തമിഴ്നാടിന് അവകാശപ്പെട്ട റോഡിലൂടെ സ്ഥാപിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായില്ല. ആയതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പുതിയ റൂട്ട് കണ്ടെത്തുകയും പുതുക്കിയ റൂട്ടിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ദർഘാസ് പരിശോധിച്ച് വരുന്നു. പാറശ്ശാല പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക ശ്രോതസ്സ് പ്രയോജനപ്പെടുത്തി നിലവിലുള്ള 2.4 MLD പ്ലാന്റ് വിപുലീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** വെള്ളറട പഞ്ചായത്തിലെ മലയോര മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജൽ ജീവൻ മിഷൻ വഴിയോ മറ്റ് പ്രത്യേക ഫണ്ടുകൾ വഴിയോ പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതിയും നീക്കിവെച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** അനുവദിച്ചിട്ടില്ല.

**(ഡി)** വണ്ടിച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനോ പൈപ്പ് ലൈനുകൾ വിപുലീകരിക്കുന്നതിനോ ആയി നിലവിൽ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** ഇല്ല. പാറശ്ശാല പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് വണ്ടിച്ചിറ പദ്ധതിയുടെ നിലവിലുള്ള 2.4 MLD പ്ലാൻറ് വിപുലീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഇ)** ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും , കേടായ പൈപ്പ് ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും, വിവിധ പി.ഡബ്ല്യൂ.ഡി., പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ച ശേഷം അവ റിപ്പയർ ചെയ്ത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവർത്തനം എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ഉണ്ട് . PWD റോഡുകളുടെ പുനസ്ഥാപന പ്രവർത്തികൾ KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ ഫണ്ടിന്റെ അഭാവം മൂലം പ്രവർത്തികൾ മന്ദഗതിയിലായിരുന്നു. ഇതു മറികടക്കുവാനായി സംസ്ഥാന സർക്കാർ നബാർഡ് ലോൺ ലഭ്യമാക്കി നിലവിൽ കരാറുകാരുടെ കുടിശ്ശിക പരിഹരിച്ചിട്ടുണ്ട്. കുഴിച്ചിട്ട റോഡുകളുടെ KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനസ്ഥാപന പ്രവർത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | **JJM** നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | **JJM** തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലെ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| പാറശ്ശാല | **18703** | **3876** | **14827** | **7970.28** | **4455** | **8331** | **10372** |
| വെള്ളറട | **11967** | **1552** | **10947** | **3361.45** | **8100** | **9652** | **2315** |